# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 8, ബുധൻ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

## പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗത്തിന്റെ വിതരണം

*241 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ രണ്ടാം ഭാഗം വിതരണം ചെയ്യാത്തതിനാൽ പഠന പ്രവർത്തനങ്ങളിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പാഠപുസ്തക വിതരണത്തിലെ കാലതാമസം കാരണം പഠിപ്പിച്ചു തീർക്കാൻ സമയം ലഭിക്കില്ലെന്ന അദ്ധ്യാപകരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ഏന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## റെയിൽവെ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം

*242 **ശ്രീ. എം.വിജിൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ബ്രിഡ്ജസ് വിഭാഗം, എൻ. എച്ച്. വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ എത്ര റെയിൽവെ ഓവർബ്രിഡ്ജുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ എത്ര റെയിൽവെ ഓവർബ്രിഡ്ജുകളുടെ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി പുരോഗമിക്കുന്ന റെയിൽവെ ഓവർബ്രിഡ്ജുകളുടെ റെയിൽവെ ഭാഗത്തിന്റെ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട സ്ഥിതിയിലുള്ള റെയിൽവെ ഓവർബ്രിഡ്ജുകൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

## വി-പാർക്ക് പദ്ധതി

*243 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ എം മുകേഷ്**
**ശ്രീമതി ദെലീമ**
**ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേൽപാലങ്ങളുടെ അടിവശം കേന്ദ്രീകരിച്ച് വി-പാർക്ക് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ഉദ്ദേശ്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലത്തിനടിയിൽ ഒരുക്കുന്ന പ്രധാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നഗര വികസനത്തിന് എപ്രകാരം സഹായകരമാവുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലം ജില്ലയിലെ വി-പാർക്ക് കൂടാതെ സർക്കാർ അനുമതി നൽകിയ പുതിയ വി-പാർക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ ഡി. പി. ആർ. തയ്യാറാക്കിയ വി-പാർക്ക് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ

*244 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് ടൂറിസം ആന്റ് റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നൂതന പദ്ധതികളാണ് ടൂറിസം മേഖലയിൽ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം മേഖലയിൽ സ്ത്രീ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ</u>

*245 **ശ്രീ. പി.പി. സുമോദ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ സാഹിത്യ കഴിവുകൾ വളർത്താൻ ബഡിങ് റൈറ്റേഴ്സ് പ്രോഗ്രാം പോലുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോയന്ന് വിശദമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ അടിസ്ഥാന വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷൻ പോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലും കഴിവുകൾ വർദ്ധിപ്പിക്കാൻ പ്രത്യേക പഠനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) കാലാവസ്ഥാ ബോധവൽക്കരണത്തിനായി മൺസൂണും കുട്ടികളും പരിപാടി സ്കൂൾ തലത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## <u>പൊതു വിദ്യാഭ്യാസരംഗത്തെ പുരോഗതി</u>

*246 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കുകളുടെ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്താമോ;

(ബി) എസ്. എസ്. എൽ. സി. ക്ക് ശേഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നിരക്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ക്രാക്ക് ദ എൻട്രൻസ് പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

**ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം**

*247 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

**തൊഴിൽ മേഖലയിൽ നിർമ്മിത ബുദ്ധിയുടെ കടന്നുവരവ്**

*248 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മിത ബുദ്ധിയുടെ കടന്നു വരവ് സംസ്ഥാനത്ത് തൊഴിൽ മേഖലയെ എങ്ങനെയാണ് ബാധിക്കുകയെന്ന് വ്യക്തമാക്കാമോ:;

(ബി) നിർമ്മിത ബുദ്ധിയുടെ കടന്നുവരവ് പ്രത്യേകിച്ച് ഐ. ടി., ഐ. ടി. അധിഷ്ഠിത മേഖലകളിലടക്കം തൊഴിലവസരങ്ങൾ കുറയ്ക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പുതിയ സാഹചര്യത്തിന് അനുസൃതമായി പുതിയ തൊഴിലവസരങ്ങൾ കണ്ടെത്താൻ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

**കുടിയേറ്റ കർഷകർക്ക് പട്ടയം**

*249 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം. എം. മണി**
**ശ്രീ. യു. ആർ. പ്രദീപ്**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977- ന് മുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വനഭൂമിയിൽ നിന്നും ഹിൽമെൻ സെറ്റിൽമെന്റുകൾക്കായി കൈമാറിയ ഭൂമിയിൽ താമസക്കാരായ വിഭാഗങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് അനുവദിച്ച പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പട്ടയം നഷ്ടപ്പെട്ടവർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് നിയമ ഭേദഗതി</u>

*250 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തൊഴിൽ മേഖലകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ പരിഗണിച്ച് മിനിമം വേതനം ഏകീകരിക്കുന്നതിനും എല്ലാ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പു വരുത്തുന്നതിനും സ്വീകരിച്ച നിയമ ഭേദഗതികൾ വിശദമാക്കാമോ;

(ബി) വേതന കുടിശികയുള്ള തൊഴിലാളികൾക്ക് കുടിശിക വേഗത്തിൽ ലഭിക്കുന്നതിനായി ഏതൊക്കെ വിധത്തിലുള്ള നിയമ ഭേദഗതികളും പുതിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിൽ നിയമ പരിരക്ഷ പരിമിതമായ അസംഘടിത മേഖലകളിൽ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് അവധി, വിശ്രമ സമയം, അവധി വേതനം എന്നിവ ഉറപ്പാക്കാൻ തൊഴിൽ നിയമങ്ങളിൽ കൊണ്ടുവന്ന ഭേദഗതികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(ഇ) പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് വാർദ്ധക്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം</u>

*251 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ. ഐ. ബി. സതീഷ്**

**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന സ്വഭാവമുള്ള തൊഴിലാളി ക്ഷേമബോർഡുകളെ സംയോജിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുതാര്യമായി നടത്തുന്നതിന് ആവിഷ്കരിച്ച ഡിജിറ്റൈസേഷൻ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) തൊഴിൽ മേഖലകൾ മാറുന്നതിനുസരിച്ച് അംഗത്വ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതികളിലൂടെ ലഭിക്കുന്ന ഗുണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ദേശീയപാത 66-ന്റെ നിർമ്മാണ പോരായ്മ പരിഹരിക്കാൻ നടപടി</u>**

*252 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. എം. വിൻസെന്റ്**

**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66- ന്റെ നിർമ്മാണം സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയ്ക്കും കാലാവസ്ഥയ്ക്കും അനുസൃതമായാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടൽ വ്യക്തമാക്കാമോ;

(ബി) ദേശീയപാത 66-ന്റെ നിർമ്മാണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>ഭൂമി തരം മാറ്റത്തിലെ ക്രമക്കേടുകൾ തടയാൻ നടപടി</u>**

*253 **ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. കുറുക്കോളി മൊയ്തീൻ**

**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റ അപേക്ഷകളിൻമേൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) റവന്യൂ-കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇതിൽ ഉൾപ്പെടുന്നതായി പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) മുൻഗണന തെറ്റിച്ചും ചട്ടം ലംഘിച്ചും അപേക്ഷകൾ തീർപ്പാക്കുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>ആലപ്പുഴ, തലശ്ശേരി, പൊന്നാനി നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി</u>**

*254 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നീ നഗരങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ബാക്ക് വാട്ടർ സംസ്കാരം എങ്ങനെ സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) തലശ്ശേരിയിലെ കോളോണിയൽ വാസ്തുവിദ്യയുടെ സംരക്ഷണത്തിനുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) പൊന്നാനിയിലെ ഇസ്ലാമിക സാംസ്കാരിക പൈതൃകം എങ്ങനെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ;

(ഇ) ഈ മൂന്ന് പ്രദേശങ്ങളിലെ പദ്ധതികളുടെ നടത്തിപ്പിലെ പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി നൂതന സാങ്കേതികവിദ്യ</u>**

*255 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കായി നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓരോ വിദ്യാർത്ഥിയിലും അന്തർലീനമായ സർഗശേഷികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർമ്മിത ബുദ്ധി വ്യാപകമാകുന്ന ഈ കാലത്ത് ഒരേ സമയം സാങ്കേതികശേഷികളും തൊഴിൽ നൈപുണ്യവും ആർജ്ജിക്കുന്നതിനുള്ള പാഠഭാഗങ്ങൾ പുതുക്കിയ ഐ. സി. ടി. പാഠ്യ ഭാഗത്തോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ ഐ. സി. ടി. പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ കൈറ്റിന്റെ ചുമതലയിൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) സമകാലീന ലോകത്ത് ഏറ്റവും അധികം തൊഴിൽ സാധ്യതയുള്ള ആനിമേഷൻ സാങ്കേതികവിദ്യ സ്കൂൾ ക്ലാസുകളിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## വിനോദസഞ്ചാര മേഖലകളിലെ അപകടങ്ങൾ തടയാൻ നടപടി

*256 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങളിൽപെട്ട് വിദ്യാർത്ഥികളും യുവാക്കളും മരണമടയുന്നത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അനിയന്ത്രിത ഉപയോഗം ഇത്തരം അപകടങ്ങൾക്ക് പ്രധാന കാരണങ്ങളിലൊന്നാണെന്ന് വിനോദ സഞ്ചാര വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരം അപകടമരണങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകളെ സംബന്ധിച്ച് സമൂഹത്തിന് അവബോധം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാമാനദണ്ഡങ്ങൾ

*257 **ശ്രീ. എ. രാജ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ പ്രാബല്യത്തിലുള്ള മാർഗനിർദേശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അഡ്വഞ്ചർ ടൂറിസം മേഖലയിലെ ഗൈഡുമാർക്കും ട്രെയിനർമാർക്കും നൽകിയിട്ടുള്ള സർക്കാർ അംഗീകൃത പരിശീലന പരിപാടികൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് സാധ്യതയുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നിലവിൽ വികസിപ്പിച്ചിട്ടുള്ള അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ?

## തീർത്ഥാടക ടൂറിസം പദ്ധതി

*258 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മലബാർ മേഖലയിലെ തീർത്ഥാടന കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ഈ പദ്ധതി വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ നടത്തുന്ന ഇടപെടൽ

*259 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) യുവാക്കൾക്ക് ആവശ്യമായ തൊഴിൽ കണ്ടെത്താൻ സർക്കാർ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ?

## സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

*260 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്ത്രീ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഗർഭിണികൾക്കും അമ്മമാർക്കും തൊഴിലിടങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എല്ലാ സ്ഥാപനങ്ങളിലും ലൈംഗികാതിക്രമ പ്രതിരോധ സംവിധാനങ്ങൾ നിർബന്ധമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം</u>**

*261 **ശ്രീ. എ. പ്രഭാകരൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) റവന്യൂ കോൾ സെന്റർ, ഇൻഫർമേഷൻ ബ്യൂറോ, യൂ ട്യൂബ് ചാനൽ തുടങ്ങിയ സംവിധാനങ്ങൾ പൊതുജന പരാതികൾ പരിഹരിക്കുന്നതിൽ എത്രത്തോളം കാര്യക്ഷമമാണെന്ന് അറിയിക്കാമോ;

(സി) മൊബൈൽ ആപ്പ്, ഡിജിറ്റൽ റവന്യൂ കാർഡ്, ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം എന്നിവ സംസ്ഥാനമൊട്ടാകെ നടപ്പാക്കിയതിന്റെ പുരോഗതി വിശദമാക്കാമോ;

(ഡി) റവന്യൂ വകുപ്പിൽ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്ത സേവനങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; 2026-ഓടെ എല്ലാ സേവനങ്ങളും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം</u>**

*262 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനായി നിലവിൽ എന്തൊക്കെ നിയമങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഐ. ടി. മേഖലയിലുൾപ്പെടെ തൊഴിൽ സമയം കഴിഞ്ഞും അവധി ദിവസവും അടക്കം ജീവനക്കാരെക്കൊണ്ട് അധികജോലി ചെയ്യിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇത്തരത്തിലുള്ള തൊഴിൽ ചൂഷണങ്ങൾ അവസാനിപ്പിക്കാൻ നിയമ നിർമ്മാണം ആലോചനയിലുണ്ടോ; വിശദമാക്കാമോ?

**<u>എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ</u>**

*263 **ശ്രീ വി ജോയി**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം നൗഷാദ്**

**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ ലാന്റ് സർവേ സംവിധാനം ദേശീയ തലത്തിൽ തന്നെ മാതൃകയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നടപ്പാക്കുന്ന എന്റെ ഭൂമി ഡിജിറ്റൽ ലാന്റ് സർവേ പദ്ധതിയിലൂടെ ഭൂവിവരങ്ങളുടെ കൃത്യതയും സുതാര്യതയും എത്രത്തോളം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വേഗതയേറിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഡിജിറ്റൽ സർവേക്കൊപ്പം ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം ആരംഭിച്ചത് സഹായകരമായിട്ടുണ്ടോ;

(ഡി) ഡിജിറ്റൽ റീസർവേയുടെ നിലവിലെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## <u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്</u>

*264 **ശ്രീ. കെ. ആൻസലൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടൊപ്പം അനുബന്ധ പശ്ചാത്തല-ഗതാഗത വികസന പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് സാക്ഷാൽക്കരിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരത്തിന്റെ വികസനത്തിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഗുണകരമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പ്രാരംഭ പ്രവൃത്തി എന്ന നിലയിൽ പ്രാഥമിക പരിസ്ഥിതി ആഘാത പഠനം, അലൈൻമെന്റ് എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ?

## <u>നെറ്റ്‌വർക്ക് ഭൂസർവ്വേയുടെ കൃത്യതയും കാര്യക്ഷമതയും</u>

*265 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവേ നടപ്പാക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന കോർസ് (കണ്ടിന്യൂസ്‌ലി ഓപ്പറേറ്റിംഗ് റെഫറൻസ് സ്റ്റേഷൻസ്) നെറ്റ്‌വർക്ക് ഭൂസർവേയുടെ കൃത്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) ഡിജിറ്റൽ സർവേ പ്രക്രിയയിൽ ആർ. ടി. കെ. (റിയൽ ടൈം കൈനമാറ്റിക്) സർവേയർമാർ, ജി. എൻ. എസ്. എസ്. റിസീവറുകൾ (ഗ്ലോബൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം), ഉപഗ്രഹ ജി. ഐ. എസ്. (ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം) എന്നിവയുടെ പങ്ക് എന്താണെന്ന് വിശദമാക്കുമോ;

(സി) റീ സർവേ സംബന്ധിച്ച് ഉയർന്നു വരുന്ന അപ്പീൽ കേസുകൾ യഥാസമയം തന്നെ കൈകാര്യം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**<u>വിദേശത്ത് വിദ്യാഭ്യാസം നേടിയവർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ</u>**

*266 **ശ്രീമതി കെ. കെ. രമ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മൈഗ്രേഷൻ സർവേ 2023-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് നിന്നും രണ്ടര ലക്ഷം വിദ്യാർഥികൾ വിദേശ പഠനം നടത്തുന്നതായി വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ, വിസാ നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വിദേശത്ത് ജോലി ലഭിക്കാതെ നിരവധി യുവജനങ്ങൾ സമീപഭാവിയിൽ കേരളത്തിലേക്ക് മടങ്ങി എത്തും എന്ന കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വായ്പാ തിരിച്ചടവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ വലിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നേക്കാവുന്ന വിദേശ വിദ്യാഭ്യാസം നേടിയ യുവാക്കൾക്ക് സംസ്ഥാനത്ത് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇവരുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ തൊഴിൽ മേഖല സമീപഭാവിയിൽ നേരിട്ടേക്കാവുന്ന ഈ പ്രതിസന്ധി മുന്നിൽ കണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**<u>അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ</u>**

*267 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിച്ച അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ;

(ബി) അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നത് വഴി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കേരളത്തെ അന്താരാഷ്ട്ര അഡ്വഞ്ചർ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുന്നതിനായി നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ഡി) അഡ്വഞ്ചർ ടൂറിസം മത്സരങ്ങൾ നടത്തുന്നതിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>ഐ. ടി. പ്രൊഫഷണലുകളുടെ പുനരധിവാസം</u>

*268 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. മേഖലയിൽ തൊഴിലാളികളുടെ അനിയന്ത്രിതമായ കൂട്ടപിരിച്ചുവിടൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിരിച്ചു വിടപ്പെടുന്ന ഓരോ ഐ. ടി. പ്രൊഫഷണലിനും നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പിരിച്ചുവിടപ്പെട്ട ഐ. ടി. പ്രൊഫെഷണലുകളുടെ പുനരധിവാസത്തിന് തൊഴിൽ വകുപ്പിൽ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## <u>വിനോദസഞ്ചാര മേഖലയുടെ വികസനം</u>

*269 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിനോദസഞ്ചാര മേഖലയിൽ കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്തെ ലോകത്തിലെ നമ്പർ വൺ ഡെസ്റ്റിനേഷൻ ആക്കുന്നതിനു എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശുചിമുറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഒരുക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഉൾപ്പെടെ

സഹകരിപ്പിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപകരുടെ യോഗ്യത</u>**

*270 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009-ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപകർക്ക് നിർബന്ധമാക്കിയിഅദ്ധ്യാപക യോഗ്യത പരിഷ്കരണംട്ടുള്ള യോഗ്യതകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2010 ഓഗസ്റ്റ് 23-ന് എൻ. സി. റ്റി. ഇ. പുറത്തിറക്കിയ വിജ്ഞാപനത്തിൽ ഇതു സംബന്ധിച്ച് എന്താണ് നിർദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടേണ്ട അവസാന തീയതിയായി കേന്ദ്രം നിഷ്കർഷിച്ചിരിക്കുന്നതെന്നാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2010-ന് മുമ്പ് നിയമിതരായ അദ്ധ്യാപകരുടെ ജോലി സംരക്ഷിക്കാനായി അദ്ധ്യാപക സംഘടനകൾ ആവശ്യപ്പെട്ട നടപടി വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 29, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].